# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം- കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് 1 ലെ യു.ഡി.ക്ലാർക്ക് ശ്രീ. സുനിൽ ഡേവിഡിന്റെ ചികിൽസാ ചെലവ്- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1099/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,22.04.2013.**

---

പരാമർശം:- 1) ശ്രീ.സുനിൽ ഡേവിഡിന്റെ 12.06.2012 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 03.12.2012 ലെ എഫ്2-20199/12 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി പെർഫോമൻസ് ആഡിറ്റിലെ യു.ഡി.ക്ലാർക്ക് ശ്രീ. സുനിൽ ഡേവിഡിന് തിരുവനന്തപുരത്തുള്ള ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 1,57,337/-രൂപ (രൂപ ഒരു ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുക അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി പെർഫോമൻസ് ആഡിറ്റിലെ യു.ഡി.ക്ലാർക്കായ ശ്രീ. സുനിൽ ഡേവിഡിന് കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള തിരുവനന്തപുരത്തെ ശ്രീ. ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നേളജി എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ 1,57,337/-രൂപ (രൂപ ഒരു ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീ. സുനിൽ ഡേവിഡിന് നേരിട്ട ചികിൽസാ ചെലവിൽ അനുവദനീയമായ 1,57,337/-രൂപ(രൂപ ഒരു ലക്ഷത്തി അൻപത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് മാത്രം) "2515-00-001-97-01-04- മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് " എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആന്റ് ആഡിറ്റ് , തിരുവനന്തപുരം;
ശ്രീ. സുനിൽ ഡേവിഡ്, യു.ഡി.സി, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-1 ,കൊല്ലം
(പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര വകുപ്പ് (22.03.2013 ലെ യു.ഒ നമ്പർ 26294/എൽ1/2013/ഫിൻ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ